# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3851** **21.06.2019 -ൽ മറുപടിക്ക്**

**മാർജിൻ മണി അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ** | | **ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) | വ്യവസായ സംരംഭകർക്ക് വകുപ്പിൽ നിന്ന് ലഭിക്കേണ്ട മാർജിൻ മണി അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | വ്യവസായ വകുപ്പ് വഴി സംരംഭകർക്ക് മാർജിൻ മണി അനുവദിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. |
| ബി) | മാർജിൻ മണി അനുവദിക്കുന്നതിനായി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ ; | | |
| സി) | വ്യവസായ സംരംഭകർക്ക് പ്രളയം മൂലമുണ്ടായ കഷ്ടനഷ്ടങ്ങൾ പരിഗണിച്ച് മാർജിൻ മണി അനുവദിക്കുന്നത് ഉൾപ്പെടെയുള്ള ആശ്വാസനടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | സി) | മാർജിൻ മണി അനുവദിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ പ്രളയവുമായി ബന്ധപ്പെട്ട് സംരംഭങ്ങളുടെ പുനർസ്ഥാപനത്തിനായുള്ള ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരികയാണ്.<br><br>ദുരന്ത നിവാരണ വകുപ്പിന്റെ 17/12/2018 -ലെ സ.ഉ (കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ |

ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്ക് അവയുടെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയല്ല. അപേക്ഷകർക്ക് ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ നൽകിവരുന്നു. ഈ പദ്ധതി പ്രകാരം പുനർ നിർമ്മാണത്തിനായിട്ടുള്ള ബാങ്ക് വായ്പയുടെ 25 % പരമാവധി 2 ലക്ഷം രൂപ ദുരന്ത നിവാരണ വകുപ്പ് മാർജിൻമണി ഗ്രാന്റായി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിക്കുന്നതിന് ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം ചുവടെ വിവരിക്കുന്ന രണ്ട് പുതിയ പദ്ധതികൾ 2019 -20 വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി) (വിഹിതം : 1000.00 ലക്ഷം രൂപ)

- പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) (വിഹിതം : 600.00 ലക്ഷം രൂപ)

**സെക്ഷൻ ഓഫീസർ**